**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2655** **23-02-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പദ്ധതിയുടെ അനുബന്ധ ഗതാഗത സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്, ശ്രീ. സി. ആർ. മഹേഷ്, ശ്രീ. ആര്യാടൻ ഷൗക്കത്ത്, ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായുള്ള അനുബന്ധ തുരങ്ക റെയിൽ പദ്ധതി അടക്കമുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | 1. **തുറമുഖത്തേക്കുള്ള റെയിൽ കണക്ടിവിറ്റി**<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ റെയിൽ കണക്ടിവിറ്റി, ചരക്ക് ഗതാഗതം കാര്യക്ഷമമാക്കുന്നതിനും തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനു മായി ബാലരാമപുരം സ്റ്റേഷനിലേക്കുള്ള ഒരു പ്രത്യേക റെയിൽ ലൈൻ ആണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതി കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് (KRCL) വഴിയാണ് നടപ്പിലാക്കുന്നത്. ഏകദേശം 10.7 കിലോമീറ്റർ നീളമുള്ള (അതിൽ ഏകദേശം 9 കിലോമീറ്റർ ഭൂഗർഭ ടണൽ ഉൾപ്പെടെ) ഈ റെയിൽ ലൈനിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) KRCL തയ്യാറാക്കിയതും, ആവശ്യമായ സർക്കാർ/ റെയിൽവേ അനുമതികളും പരിസ്ഥിതി അനുമതിയും, സർക്കാരിന്റെ ഭരണാനുമതിയും ലഭിച്ചിട്ടുള്ളതുമാണ്. ബാലരാമപുരം പദ്ധതിക്കാ വശ്യമായ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ അവസാന ഘട്ടത്തിലാണ്. വിഴിഞ്ഞത്തെ ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി 193 കോടി രൂപ ഇതിനകം കെട്ടിവെച്ചിട്ടുണ്ട്. പദ്ധതി നിർമാണത്തിന്റെ ഇ.പി.സി (EPC) ടെൻഡർ രേഖകൾ തയ്യാറാക്കുകയും അവയുടെ അംഗീകാരത്തിന്റെ അവസാന ഘട്ടത്തിലുമാണ്. ടെൻഡർ ക്ഷണിച്ച് കോൺട്രാക്ടറെ തിരഞ്ഞെടുത്തു കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കും. പദ്ധതി 2028 - ഓടെ പൂർത്തിയാക്കുക എന്നതാണ് ലക്ഷ്യം.<br><br>2. **തുറമുഖത്തേക്കുള്ള റോഡ് കണക്ടിവിറ്റി** |

| | | | |
|---|---|---|---|
| | | | വിഴിഞ്ഞം തുറമുഖത്തേക്കുള്ള ചരക്ക് നീക്കം സുഗമമാക്കുന്നതിന്, തുറമുഖത്തെ ദേശീയപാത NH66 മായി ബന്ധിപ്പിക്കുന്ന റോഡിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പോർട്ടിൽ നിന്നും NH66 മായി ബന്ധിപ്പിക്കുന്ന 1.7 km പോർട്ട് അപ്പ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പോർട്ട് റോഡ് NH66 മായുള്ള ഇന്റർസെക്ഷൻ NHAI യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വിഴിഞ്ഞം തുറമുഖത്തു നിന്നും തുറമുഖ റോഡും, ഔട്ടർ റിംഗ് റോഡും, ദേശീയപാത NH66-മായി ബന്ധിപ്പിക്കുമ്പോൾ തുറമുഖ പാതയിലും ഔട്ടർ റിംഗ് റോഡിന്റെയും ദേശീയപാതയുടെയും ട്രാഫിക് കണക്കിലെടുത്ത് ഈ ജംഗ്ഷനെ ക്ലോവർലീഫ് ഇന്റർസെക്ഷൻ ആയി നിർമ്മിക്കുന്നതിനുള്ള സ്കീമും NHAI യുടെ പരിഗണനയിലാണ്. ഏകദേശം 14 ഹെക്ടർ ഭൂമി ഇതിന് ആവശ്യമായി വരും എന്ന് കണക്കാക്കുന്നു. ഇതിന് ഏകദേശം 312 കോടി രൂപ പ്രതീക്ഷിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക NHAI യും കേരള സർക്കാരും 50:50 എന്ന അനുപാതത്തിൽ പങ്കിടുന്നതിൽ തത്വത്തിൽ തീരുമാനമായിട്ടുണ്ട് . |
| (ബി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (ബി) | റെയിൽ കണക്ടിവിറ്റി തുറമുഖ പദ്ധതിയുടെ ഒരു പ്രധാന അനുബന്ധ സൗകര്യമായാണ് നടപ്പിലാക്കുന്നത്. കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL) മുഖേന വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കി ദക്ഷിണ റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾക്കും നിർമ്മാണത്തിനുമായി ഭരണപരവും സാമ്പത്തികവുമായ അനുമതിക ളുടെ അന്തിമ ഘട്ടത്തിലാണ്. 2028 ഡിസംബറോടെ റെയിൽ കണക്ടിവിറ്റി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | വിഴിഞ്ഞം പദ്ധതി പൂർണ്ണ തോതിൽ പ്രാവർത്തികമാക്കാൻ ആവശ്യമായ അനുബന്ധ ഗതാഗത സംവിധാനങ്ങൾ ഒരുക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കു ന്നതിനോടൊപ്പം തന്നെ റോഡ്, റെയിൽ മാർഗ്ഗമുള്ള ചരക്കുനീക്കം സാധ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>റോഡ് കണക്ടിവിറ്റി തുറമുഖ റോഡും ഔട്ടർറിംഗ് റോഡും (ORR) ഒത്തുചേരുന്ന ഇന്റർസെക്ഷനായിരുന്നു NHAI ആദ്യം അംഗീകരിച്ചിരുന്നത്. എന്നാൽ, ORR – നടപ്പാക്കു ന്നതിലെ അനിശ്ചിതത്വം ടി നിർമാണത്തെ ബാധിച്ചിരുന്നു. തുടർന്ന് വിഴിഞ്ഞം തുറമുഖത്തിനു മാത്രമായി ഒരു താൽകാലിക ഇന്റർസെക്ഷൻ |

| | | | |
|---|---|---|---|
| | | | നിർമിക്കുവാൻ NHAI അംഗീകാരം നൽകുക യുണ്ടായി. ഈ കാരണങ്ങളാൽ റോഡ് കണക്ടിവിറ്റി പൂർത്തിയാകുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയപാത (NH-66) - മായി ബന്ധിപ്പിക്കുന്ന താത്കാലിക കണക്ടിവിറ്റിക്ക് NHAI-യുടെ ഔദ്യോഗിക അംഗീകാരം ലഭിച്ചിട്ടുണ്ട്. താൽക്കാലിക പാത ക്രമീകരണങ്ങൾക്കായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) കേരള റീജിയണൽ ഓഫീസർ 16-01-2026-ൽ അനുമതി നൽകുകയുണ്ടായി. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്. മാർച്ച് അവസാനത്തോടെ പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഭാവിയിൽ ഔട്ടർ റിംഗ് റോഡും കൂടി ഉൾപ്പെടുത്തിക്കൊണ്ട് വർദ്ധിച്ച കണ്ടെയ്നർ ട്രെയിലറുകളുടെ സുഗമമായ നീക്കം സാധ്യമാക്കു ന്നതിനായി സ്ഥിരമായ ഒരു ക്ലോവർലീഫ് ഇന്റർകണക്ഷൻ (Cloverleaf Interconnection) നിർമ്മിക്കുന്ന പദ്ധതി രൂപരേഖയും തയ്യാറാക്കി NHAI-ക്ക് സമർപ്പിച്ചിട്ടുണ്ട്.<br><br>റെയിൽ കണക്ടിവിറ്റി തുറമുഖ പദ്ധതിയുടെ ഒരു പ്രധാന അനുബന്ധ സൗകര്യമായാണ് നടപ്പിലാക്കുന്നത്. കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL) മുഖേന വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കി ദക്ഷിണ റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾക്കും നിർമ്മാണത്തിനുമായി ഭരണപരവും സാമ്പത്തികവുമായ അനുമതി കളുടെ അന്തിമ ഘട്ടത്തിലാണ്. അദാനി കമ്പനിയുമായുള്ള കരാർ പ്രകാരം 2028 ഡിസംബറോടെ റെയിൽ കണക്ടിവിറ്റി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ